ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഡിബി3-5215/2013/സിഇ/തസ്വഭവ** **തീയതി 20.05.2020**

# മീറ്റിംഗ് നോട്ടീസ്

വിഷയം : തസ്വഭവ (സാങ്കേതിക വിഭാഗം) - 26.05.2020-ന് പദ്ധതി അവലോകനത്തിനായി നടത്തുന്ന **വീഡിയോ കോൺഫറൻസിംഗിൽ** പങ്കെടുക്കുന്നതിനുള്ള അറിയിപ്പ് - സംബന്ധിച്ച്

സൂചന : സർക്കാരിൽ നിന്നുമുള്ള നിർദ്ദേശം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാങ്കേതിക വിഭാഗം മുഖാന്തിരം പ്ലാൻ, മെയിന്റനൻസ് എന്നീ ഫണ്ടുകൾ വിനിയോഗിച്ച് നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ, RKI, CMLRRP എന്നീ പ്രവൃത്തികളുടെ പദ്ധതികളുടെ പുരോഗതി അവലോകനം നടത്തുന്നതിനായി **26.05.2020-ന് ഉച്ചയ്ക്ക് 2.00 മണി മുതൽ വൈകിട്ട് 5.00 വരെ** അവലോകനയോഗം നടത്തുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. ടി യോഗത്തിൽ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ജില്ലാപഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മുനിസിപ്പാലിറ്റികളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ ബന്ധപ്പെട്ട രേഖകൾ സഹിതം ടി യോഗത്തിൽ കൃത്യമായി പങ്കെടുത്തിരിക്കണം. KSRRDA-യിലെ ചീഫ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജില്ലാ പി.എ.യു-ലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ 3.00 മണിയ്ക്ക് വീഡിയോ കോൺഫറൻസിൽ ജോയിൻ ചെയ്യേണ്ടതാണ്. അതാത് ജില്ലാ കളക്ടറേറ്റിലുള്ള NIC-യുടെ വീഡിയോ കോൺഫറൻസിംഗ് facility-യിലാണ് യോഗത്തിന് ഹാജരാകേണ്ടത്. നിലവിൽ കോവിഡുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചുവേണം യോഗത്തിൽ പങ്കെടുക്കാൻ. പദ്ധതി പുരോഗതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ "Project Review" പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 'Proforma' P-1077-ൽ **24.05.2020-ന്** മുൻപായി രേഖപ്പെടുത്തി സമർപ്പിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അവലോകനം നടത്തുന്നത്. കൂടാതെ 'Proforma' പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള P - 1073, 1074, 1076 എന്നീ പ്രൊഫോർമകളും ടി തീയതിയ്ക്കുള്ളിൽ പൂരിപ്പിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

P 367